Draft #2 of File 11131/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I ADMINISTRATION on 20-Jun-2019 12:33 AM - Page 1

15 YEARS OF CELEBRATING THE MAHATMA

**MAHATMA GANDHI UNIVERSITY, KERALA**

പുറത്തെഴുത്ത് നം.11131/AD A3/4/2019/ADMIN
തീയതി.20.06.2019

സർക്കാർ വകുപ്പുകൾക്കും യൂണിവേഴ്സിറ്റികൾ, കമ്പനി/ബോർഡ്/കോർപ്പറേഷനുകൾ ഉൾപ്പെടെയുള്ള സ്വയംഭരണ/പൊതുമേഖലാ സ്ഥാപനങ്ങൾക്കും വേണ്ടി സർക്കാർ ആവിഷ്കരിച്ച സെൻട്രലൈസ്ഡ് പ്രൊക്യൂർമെൻറ് സംവിധാനത്തിന്റെ പോർട്ടലിലൂടെ മാത്രമേ കമ്പ്യൂട്ടറുകൾ, ലാപ്പ്ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ തുടങ്ങിയ ഐ.റ്റി. ഉപകരണങ്ങൾ വാങ്ങാൻ പാടുള്ളൂ എന്ന് കർശന മാർഗ്ഗനിർദ്ദേശങ്ങൾ നൽകികൊണ്ട് സർക്കാർ സർക്കുലർ നം. ഐ.റ്റി.സെൽ-1/26/2019/വി.സ.വ. തീയതി 18.03.2019 പുറപ്പെടുവിച്ചിരുന്നു. ടി സർക്കാർ പരിപത്രം, മിനിറ്റ്സ് ഇനം നം. 87/19.04/11131/ADA3/4/2019/ADMIN തീയതി 31.05.2019 പ്രകാരം സർവകലാശാലയിൽ നടപ്പിലാക്കുവാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

PREMKUMAR R
ASSISTANT REGISTRAR I ADMINISTRATION
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ് :

1. എല്ലാ സെക്ഷനുകളും വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./ പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ /എഫ് ഒ /സി ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി., മഹാത്മാഗാന്ധി സർവകലാശാല
5. പി.ആർ.ഒ /സിറ്റാഡ്/സി.എം.എസ് ( വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
6. എഫ്.സി.സി./എ.സി.സി./ഫിനാൻസ് I / IV / ഓഡിറ്റ് I / IV / ഐ.ക്യു.എ.സി.
7. എഡി എ I /എഡി എ II /എഡി എ IV /എഡി എ V /എഡി ബി IV / എഡി സി. I/II/III
8. സ്റ്റോക്ക് ഫയൽ / റെക്കോർഡ്സ് സെക്ഷൻ/ ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല

MAHATMA GANDHI UNIVERSITY

Vice Chancellor MG University <vc@mgu.ac.in>

## Fwd: CIRCULAR- IT.CELL-1/26/2019/ITCELL DATED 18/3/2019

1 message

**MG University** <mgu@mgu.ac.in> Wed, Mar 27, 2019 at 11:26 AM
To: vc@mgu.ac.in, registrar <registrar@mgu.ac.in>

---------- Forwarded message ---------
From: **General Administration (IBMC) Department, Government Secretariat, Kerala** <osgadibmc@gmail.com>
Date: Tue, 26 Mar 2019 at 11:31
Subject: CIRCULAR- IT.CELL-1/26/2019/ITCELL DATED 18/3/2019
To: Bharat Bhavan <bharatbhavankerala@gmail.com>, Centre for Continuing Education Kerala (CCEK) <directorccek@gmail.com>, Centre for development studies <director@cds.edu>, kk mony <kkmony429@gmail.com>, <director@cdit.org>, <mgsdgchs@gmail.com>, Damodaran Nampoothiri <ddnampoothiri@gmail.com>, MKC Nair <cdcmkc@gmail.com>, <capekerala@gmail.com>, <info@csebkerala.org>, CFRD, KONNI <cfrd2008@gmail.com>, <ceo.cyberpark@gmail.com>, Energy Management Centre <emck@keralaenergy.gov.in>, Farm Information <fibtvm@gmail.com>, Sheela Sureshbabu <sheelasureshbabu@gmail.com>, <pri.rit@dtekerala.gov.in>, <info@gecidukki.ac.in>, <principal@gcek.ac.in>, <principal@sctce.ac.in>, <director@rcctvm.org>, Girija Devi <dr.girija@gmail.com>, TDMC Alappuzha <tdmcalappuzha@gmail.com>, medicalcollegekottayam <medicalcollegekottayam@gmail.com>, Principal Thrissur <principalmctcr@gmail.com>, <gactpra@rediffmail.com>, Govt. Law College, Tvpm <principalglctvpm@gmail.com>, Government Law College, Thrissur <glcthrissur1992@gmail.com>, Govt. Law College Kozhikode <calicutlawcollege@gmail.com>, <vicechancellor@vsnl.net>, <rector@cusat.ac.in>, <mgu@mgu.ac.in>, <vicechancellorktu@gmail.com>, SSUS <ssusvc2013@gmail.com>, <vc@kau.in>, Kufos Vc <vckufos@gmail.com>, Healthuniversity Healthuniversity <keralahealthuniversity@gmail.com>, VICE-CHANCELLOR <vc@nuals.ac.in>, <malayalamsarvakalasala@gmail.com>, <ceo@infopark.in>, <ecd@ikm.org.in>, <pasuresh@doctor.in>, ceo kasrs <ceokasrs@gmail.com>, Kn Panikkar <knpanikkar@gmail.com>, Chief Engineer, (I&D) I D R B, <idrbtvm@gmail.com>, keraladam safetyauthority <kdsatvpm@gmail.com>, KHRWS <md_khrws@yahoo.co.in>, <ceo.kied@gmail.com>, Kerala Institute of Labour and Employment (KILE) <chairmankile@gmail.com>, <director@kittsedu.org>, JALANIDHI (KRWSA) <executivedirectorkrwsa@gmail.com>, Keralasahityaakademi thrissur <keralasahityaakademi@gmail.com>, Kerala Sangeetha Nataka Akademi <ksnakademi@gmail.com>, <knicthonnakkal@yahoo.com>, Kerala Social Security Mission <socialsecuritymission@gmail.com>, <keralasacs@gmail.com>, Centre for aDvance Printing and Training <mail@captkerala.com>, Oommen V Oommen <oommenvo@gmail.com>, <shq@ksbsg.in>, Keralabookmark Mark <keralabookmarks@gmail.com>, <secretary@keralafilm.com>, Kscadc Tvm <kscadc@gmail.com>, <evp@kscste.org>, Member Secretary KSDMA <keralasdma@gmail.com>, kerala state haj committee haj house <keralahajcommittee@gmail.com>, Kelsa Kerala <kelsakerala@gmail.com>, Mental Health Authority, Tvpm <mentalhealthauthoritykerala@gmail.com>, Kerala State Pharmacy Council <office.kspc@gmail.com>, <sajeevanpcb@yahoo.co.in>, kerala state remote sensing and enviroment centre <directorksrec@yahoo.in>, T.P Dasan Dasan <president.kssc@gmail.com>, Kerala State Veterinarycouncil <keralastateveterinarycouncil@gmail.com>, ps prasanth <psprasanth01@gmail.com>, CEO, Wakf Board, Ernakulam <ceokl@wakf.gov.in>, Kerala Sustainable Urban Development Project (KSUDP) <pd@ksudp.org>, <kudumbasree1@gmail.com>, <lrmmovsa@gmail.com>, <director@lbscentre.org>, DIRECTOR MCC <directormcctly@gmail.com>, Vyloppilli Samskrithi Bhavan, Thiruvananthapuram <directormpcc@gmail.com>, <ncrmikerala@gmail.com>, State Horticulture Mission <mdshmkerala@yahoo.co.in>, National Institute of Speech & Hearing <nishinfo@nish.ac.in>, Kerala Nss <keralansscell@gmail.com>, <director.natpac@kerala.gov.in>, <mail@norkaroots.net>, <pnpanicker@yhoo.com>, <rskrsa@gmail.com>, <stic@vsnl.com>, <samedikerala@gmail.com>, <siematkeralastate@yahoo.co.in>, Spca Kerala <spcakerala@gmail.com>, sird kerala <sirdkerala@gmail.com>, SRC KERALA <keralasrc@gmail.com>, <chairmansta@mvd.gov.in>, <minister-tourism@kerala.gov.in>, <ce@teps.in>, Travancore Cochin Medical Council <registrartcmc@gmail.com>, Vastuvidya Gurukulam <vvgurukulam@yahoo.co.in>, KITCO <mail@kitco.in>, State Medicinal Plants Board <smpbkerala@gmail.com>, <kswcfc@gmail.com>, KERALA AGRO MACHINERY CORPORATION ERNAKULAM <mail@kamcoindia.com>, <kal@bsnl.in>, <cmkseb@ksebnet.com>, <chairman@ksfe.com>, Kerala State Handicapped Persons Welfate Corporation <ks_kshpwc@yahoo.com>, <handveev@gmail.com>, <chairmankshb@gmail.com>, <md@keralaitparks.org>, md kelpalm <mdkelpalm01@gmail.com>, sidco md <sidcomd@gmail.com>, Kerala state textile corporation <adm@kstcl.org>, KERALA STATE WAREHOUSING COPRPORATION <kerwacor@gmail.com>, Kerala State Women's Development Corporation <md@kswdc.org>, <md@ktdfc.com>, Overseas Development and Employment Promotion Consultants (ODEPC) <info.odepc@kerala.gov.in>, <cmpckltd@gmail.com>, <st@kstcl.org>, <sitaramtextiles@yahoo.com>, <siflc@sancharnet.in>, Vision Varkala Infrastructure Development Corporation (VIVID) Limited <vividcorporation13@gmail.com>, CEO VIZHINJAM INTERNATIONAL SEAPORT <ceo@vizhinjamport.in>

--

Please do not reply through this E-mail ID.

For any further assistance or queries, please contact us through

**0471 2518405**

or

call **0471 2336576 (Secretariat Exchange)**

and ask to connect concerned Section

ITCELL.1.26.PDF

1/3

FAX

**കേരള സർക്കാർ**

**ഇലക്ട്രോണിക്സും വിവര സാങ്കേതികവും വിദ്യ (ഐ.ടി സെൽ) വകുപ്പ്**

നം. ഐ.റ്റി.സെൽ-1/26/2019/വി.സ.വ തിരുവനന്തപുരം, തീയതി :18.03.2019.

**സർക്കുലർ**

വിഷയം: ഇലക്ട്രോണിക്സും വിവര സാങ്കേതികവും വിദ്യ വകുപ്പ് — സെൻട്രലൈസ്ഡ് പ്രോക്യുർമെന്റ് — സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും കമ്പ്യൂട്ടറുകൾ, ലാപ്പ്ടോപ്പുകൾ, പ്രിന്ററുകൾ മുതലായ ഐ.റ്റി സാമഗ്രികൾ വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന: 1. 18/11/2017-ലെ സ.ഉ (എം.എസ്.) നം.24/2017/ITD നമ്പർ സർക്കാർ ഉത്തരവ്.
2. 01/02/2018-ലെ സ.ഉ (സാധാ) നം.25/2018/ITD നമ്പർ സർക്കാർ ഉത്തരവ്.

**************

സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, വിവിധ കമ്മീഷനുകൾക്കും, സ്വയംഭരണ സ്ഥാപനങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും കമ്പ്യൂട്ടറുകൾ, ലാപ്പ്ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ തുടങ്ങിയ ഐ.റ്റി ഉപകരണങ്ങൾ ഒരു ഓൺലൈൻ സർക്കാർ പോർട്ടൽ (www.cprcs.kerala.gov.in) സംവിധാനത്തിലൂടെ വാങ്ങുന്നതിനായി ഒരു കേന്ദ്രീകൃത പർച്ചേസ് സംവിധാനം സൂചന (1) ലെ ഉത്തരവ് പ്രകാരം രൂപീകരിക്കുകയുണ്ടായി. വിവിധ സർക്കാർ വകുപ്പുകളുടെയും, സ്വയംഭരണ സ്ഥാപനങ്ങളുടെയും ആവശ്യങ്ങൾ മുൻനിർത്തി കേരളാ സ്റ്റേറ്റ് ഐ.ടി മിഷൻ തയ്യാറാക്കിയ സ്പെസിഫിക്കേഷനിലുള്ള ഐ.റ്റി ഉപകരണങ്ങൾ കെൽട്രോൺ മുഖാന്തിരം ടെണ്ടർ ചെയ്ത് വില നിശ്ചയിച്ച് വകുപ്പുകളിലും സ്ഥാപനങ്ങളിലും നിന്നുമുള്ള വർക്ക് ഓർഡർ പ്രകാരം വിതരണം നടത്തുന്നതിനുള്ള സൗകര്യമാണ് ടി സംവിധാനത്തിൽ ഏർപ്പെടുത്തിയിരുന്നത്. ടി പദ്ധതിയുടെ നടപടി ക്രമങ്ങളിലും സാങ്കേതികതയിലും ഉണ്ടാകാനിടയുള്ള തടസ്സങ്ങൾ വിലയിരുത്തുന്നതിനും പരിഹരിക്കുന്നതിനുമായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഹൈപവർ കമ്മിറ്റിയും സൂചന (1) ഉത്തരവ് പ്രകാരം രൂപീകരിച്ചിരുന്നു.

ഓരോ സാമ്പത്തിക വർഷവും, സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഐ.റ്റി ഉപകരണങ്ങൾ വാങ്ങുന്നതിനായി പല സന്ദർഭങ്ങളിലായി നടത്തിയിരുന്ന പ്രത്യേക ടെണ്ടറുകളും, അതിനു വേണ്ടി ചെലവാകുന്ന മാനുഷിക അദ്ധ്വാനം, ധനവിനിയോഗം, അംഗീകാരത്തിനായി വിവിധ തലങ്ങളിൽ വേണ്ടി വരുന്ന പരിശോധന എന്നിവ കുറയ്ക്കുന്നതിനും, കൂടാതെ സംസ്ഥാനത്തിന്റെ മൊത്തം ആവശ്യകതക്കനുസരിച്ച് വലിയ ടെണ്ടർ ചെയ്യുമ്പോൾ, ഐ.റ്റി ഉപകരണങ്ങളുടെ വിലയിൽ ലഭ്യമാകുന്ന ആനുകൂല്യം എന്നിവ കണക്കിലെടുത്തുകൊണ്ടാണ് സെൻട്രലൈസ്ഡ് പ്രോക്യുർമെന്റ് (Centralized procurement) സംവിധാനത്തെ സർക്കാരിന്റെ ഒരു പ്രധാനപ്പെട്ട പദ്ധതിയായി ആവിഷ്കരിച്ചുകൊണ്ട് നടപ്പാക്കുവാൻ തീരുമാനിച്ചത്. സംസ്ഥാനത്തിന്റെ മൊത്തം ആവശ്യകത മുൻനിർത്തി വളരെ പ്രാധാന്യം നൽകികൊണ്ട് സർക്കാർ നടപ്പിലാക്കിയ ടി സംവിധാനത്തിലൂടെയല്ലാതെ ഐ.റ്റി ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളതല്ല എന്ന കർശന നിർദ്ദേശം സൂചന (1) ലെ ഉത്തരവ് പ്രകാരം വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ ടി സംവിധാനത്തിൽ ഉൾപ്പെടാത്ത ഉയർന്ന

(...2)

2/3



സ്പെസിഫിക്കേഷനിലുള്ള ഐ.റ്റി ഉപകരണങ്ങൾ വകുപ്പ് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോടെ ടെണ്ടർ ചെയ്തോ അല്ലാതെയോ വാങ്ങുന്നതിനുള്ള അനുവാദവും വകുപ്പുകൾക്ക് നൽകിയിട്ടുണ്ടായിരുന്നു.

2018 മാർച്ച് 15 — നോടകം തന്നെ സെൻട്രലൈസ്ഡ് പ്രോക്യൂർമെന്റ് സംവിധാനത്തിന്റെ സർക്കാർ പോർട്ടലിൽ **(www.cprcs.kerala.gov.in)** ടെണ്ടർ നടപടികളിലൂടെ വിവിധ ഐ.റ്റി ഉപകരണങ്ങളുടെ വില നിശ്ചയിച്ച്, വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും വർക്ക് ഓർഡർ നൽകുവാൻ ഉതകുന്ന തരത്തിൽ സൗകര്യം ഏർപ്പെടുത്തിയിരുന്നു. വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ആവശ്യമായ സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ മറ്റ് അനുബന്ധ ഉപകരണങ്ങൾ ഏറ്റവും കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്നു എന്ന സവിശേഷതയാണ് ടി സംവിധാനത്തിൽ ഉണ്ടായിരുന്നത്. ഓഫീസ് ഉപയോഗത്തിന് ആവശ്യമായ എല്ലാവിധ ഐ.റ്റി ഉപകരണങ്ങൾക്കുമുള്ള റേറ്റ് കോൺട്രാക്റ്റുകൾ സെൻട്രലൈസ്ഡ് പ്രോക്യൂർമെന്റ് പോർട്ടലിൽ (www.cprcs.kerala.gov.in) നിലവിൽ ലഭ്യമാണ്.

സെൻട്രലൈസ്ഡ് പ്രോക്യൂർമെന്റ് സംവിധാനം നിലവിലുള്ളപ്പോൾ തന്നെ പല വകുപ്പുകളും, സ്ഥാപനങ്ങളും സർക്കാർ പോർട്ടൽ ഉപയോഗിക്കാതെ പ്രത്യേക ടെണ്ടർ നടപടികളിലൂടെയും അല്ലാതെയും ഓഫീസ് ആവശ്യത്തിനായി ഐ.റ്റി ഉപകരണങ്ങൾ വാങ്ങുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. സർക്കാർ പോർട്ടലിൽ ഉണ്ടായിരുന്ന വിലയേക്കാൾ കുറഞ്ഞ വില പ്രസ്തുത ടെണ്ടറുകളിലൊന്നും തന്നെ വകുപ്പുകൾക്ക് ലഭിച്ചിരുന്നുമില്ല എന്ന് പരിശോധനയിൽ വ്യക്തമായിരുന്നു. ഐ.റ്റി പർച്ചേയ്സുകൾക്കായി പ്രത്യേക ടെണ്ടറുകൾ വിളിച്ച് കൂടിയ തുകയിൽ ഐ.റ്റി. ഉപകരണങ്ങൾ വാങ്ങുന്നത് വകുപ്പിന്റെ / സ്ഥാപനത്തിന്റെ ധന ദുർവിനിയോഗമായി മാത്രമേ കാണുവാൻ സാധിക്കുകയുള്ളൂ.

മേൽ സാഹചര്യത്തിൽ, വകുപ്പുകൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, വിവിധ കമ്മീഷനുകൾക്കും, യൂണിവേഴ്സിറ്റികൾ, കമ്പനി / ബോർഡ്, കോർപ്പറേഷനുകൾ ഉൾപ്പെടെയുള്ള സ്വയംഭരണ / പൊതുമേഖലാ സ്ഥാപനങ്ങൾക്കും വേണ്ടി സർക്കാർ ആവിഷ്കരിച്ച സെൻട്രലൈസ്ഡ് പ്രോക്യൂർമെന്റ് സംവിധാനത്തിന്റെ പോർട്ടലിലൂടെ (www.cprcs.kerala.gov.in) മാത്രമേ ഐ.റ്റി ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളൂ എന്ന് നിഷ്കർഷിക്കുന്നതോടൊപ്പം, ഇത് സംബന്ധിച്ച് ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനായി, പുറപ്പെടുവിക്കുന്നു.

1. **<u>www.cprcs.kerala.gov.in</u>** എന്ന പോർട്ടലിൽ ലഭ്യമായ കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ, ഫോട്ടോകോപ്പിയറുകൾ മുതലായ ഉപകരണങ്ങൾ വാങ്ങുന്നതിന് സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനമല്ലാതെ വ്യത്യസ്തമായ ടെണ്ടറുകളോ, TSP/ സ്വകാര്യ ഏജൻസികൾ മുഖാന്തിരമുള്ള നേരിട്ടുള്ള പർച്ചെയ്സോ അനുവദിക്കുന്നതല്ല.

2. സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഐ.റ്റി. ഉപകരണങ്ങൾ വാങ്ങുന്നതിന്, കേരളാ സ്റ്റേറ്റ് ഐ.റ്റി മിഷന്റെ പ്രതിനിധി ഉൾപ്പെട്ട വകുപ്പ് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോട് കൂടി പ്രത്യേകം ടെണ്ടർ ചെയ്യുകയോ TSP മുഖാന്തിരം ടെണ്ടർ ചെയ്ത് വാങ്ങുകയോ ചെയ്യാവുന്നതാണ്.

3. സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഐ.റ്റി ഉപകരണങ്ങൾ ഇതര മാർഗ്ഗങ്ങളിലൂടെ കൂടിയ വിലയ്ക്ക് വാങ്ങുകയാണെങ്കിൽ, ഉപകരണങ്ങൾക്ക് അധികം നൽകേണ്ടി വരുന്ന വില പർച്ചേസിന് നേതൃത്വം നൽകുന്ന

(...3)

ഉദ്യോഗസ്ഥന്റെ / ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും, ഇപ്രകാരം ചെലവഴിച്ച അധിക തുക മേൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും സർക്കാരിലേയ്ക്ക് / സ്ഥാപനത്തിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടി ബന്ധപ്പെട്ട വകുപ്പുകൾ / സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

4. വിവിധ വകുപ്പുകളുടെ ആവശ്യകതയനുസരിച്ച്, സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റിൽ ഉപകരണങ്ങൾക്ക് അംഗീകൃത റേറ്റ് നിലവിലുള്ളപ്പോൾ, വകുപ്പുകളുടെ ആവശ്യത്തിനായി അതേ ഉപകരണങ്ങൾക്ക് കെൽട്രോൺ സമാന്തരമായി ടെണ്ടർ ചെയ്ത് വാങ്ങുന്ന പ്രവണത അവസാനിപ്പിക്കേണ്ടതും, അത്തരം ഉപകരണങ്ങൾ സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റിലൂടെ മാത്രം വാങ്ങേണ്ടതുമാണ്.

5. കേരളാ സ്റ്റേറ്റ് ഐ.റ്റി മിഷൻ / സ്റ്റേറ്റ് ഇ-ഗവേണൻസ് മിഷൻ ടീം (SeMT) പ്രതിനിധി ഉൾപ്പെട്ട വകുപ്പുതല ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശ സഹിതം മാത്രമേ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഐ.റ്റി ഉപകരണങ്ങളുടെ പർച്ചേസ് അനുവദിക്കുകയുള്ളൂ. ഇക്കാര്യം എല്ലാ വകുപ്പ് /സ്ഥാപന മേധാവികളും പർച്ചേസിനു മുമ്പായി ഉറപ്പുവരുത്തേണ്ടതാണ്.

6. സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും പോർട്ടൽ വഴി ഐ.റ്റി ഉപകരണങ്ങൾ വാങ്ങുന്നതിന് കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ കെൽട്രോൺ ഹെൽപ്പ് ഡെസ്ക് മുഖാന്തിരം ലഭ്യമാകുന്നതാണ്. ഹെൽപ്പ് ഡെസ്ക്-ന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് വിദഗ്ദ പരിശീലനം ലഭിച്ചവരെ കെൽട്രോൺ നിയമിക്കേണ്ടതാണ്. വകുപ്പുകൾക്ക് പരാതികൾ / അഭിപ്രായങ്ങൾ അറിയിക്കുന്നതിനുള്ള സംവിധാനവും CPRCS പോർട്ടലിൽ( **www.cprcs.kerala.gov.in**) ഉൾപ്പെടുത്തിയിട്ടുണ്ട്.

**എം .ശിവശങ്കർ**
**സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് തലവൻമാർക്കും / നോഡൽ ഓഫീസർമാർക്കും
എല്ലാ സർവ്വകലാശാലകൾക്കും (രജിസ്ട്രാർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ കോർപറേഷനുകൾക്കും നഗരസഭകൾക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ സ്വയംഭരണ സ്ഥാപനങ്ങൾക്കും / പൊതുമേഖലാ സ്ഥാപനങ്ങൾക്കും
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഐ.ടി മിഷൻ,തിരുവനന്തപുരം.
എം.ഡി, കെൽട്രോൺ, തിരുവനന്തപുരം.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
സ്റ്റോർ പർച്ചേസ് വകുപ്പ്
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം
Sajan
സെക്ഷൻ ഓഫീസർ